# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
**പബ്ലിക് റിലേഷൻസ് ഓഫീസർ**
**ഫോൺ: 0481 2731020, 2732650,**
**മൊബൈൽ: 9846720402**

**പി.ആർ.ഒ/35/245/2016** **<u>പത്രക്കുറിപ്പ്</u>** **2016 നവംബർ 16**

## പരീക്ഷാ തീയതി

നവംബർ 24, 25 തീയതികളിൽ നടത്തുവാൻ നിശ്ചയിച്ചിരുന്ന ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ് അണ്ടർ ഗ്രാജ്വേറ്റ് പരീക്ഷകൾ (റഗുലർ – 2016 അഡ്മിഷൻ/റീ അപ്പിയറൻസ്/സപ്ലിമെന്ററി 2016ന് മുൻപുള്ള അഡ്മിഷൻ) ഡിഗ്രി പരീക്ഷകൾ ഡിസംബർ 8, 9 തീയതികളിൽ നടത്തും. മറ്റ് പരീക്ഷകൾക്ക് മാറ്റമില്ല.

ഒന്നാം സെമസ്റ്റർ സപ്ലിമെന്ററി/റീ അപ്പിയറൻസ് 2014, 2015 അഡ്മിഷൻ വിദ്യാർത്ഥികൾ അപേക്ഷകൾ ഓൺലൈനായി ബന്ധപ്പെട്ട കോളജുകളിൽ നിന്നും അയയ്ക്കണം. 2013 അഡ്മിഷൻ വിദ്യാർത്ഥികൾ അപേക്ഷ യൂണിവേഴ്സിറ്റിയിൽ സമർപ്പിക്കണം. ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ് അണ്ടർഗ്രാജ്വേറ്റ് (സപ്ലിമെന്ററി/2013 അഡ്മിഷൻ മുതലുള്ള റീഅപ്പിയറൻസ്) പരീക്ഷകൾക്ക് പിഴയില്ലാതെ നവംബർ 22 വരെ അപേക്ഷിക്കാം. അപേക്ഷകർ 20 രൂപ അപേക്ഷാ ഫോമിനും, ഒരു പേപ്പറിന് 20 രൂപ വീതം (പരമാവധി 100 രൂപ) സി.വി ക്യാമ്പ് ഫീസായി നിശ്ചിത പരീക്ഷാ ഫീസിന് പുറമെ അടയ്ക്കണം.

എട്ടാം സെമസ്റ്റർ (പഴയ സ്കീം – 1997 മുതൽ 2001, 2002, 2003, 2004, 2005, 2006, 2007, 2008 അഡ്മിഷൻ– മേഴ്സി ചാൻസ്/2009 അഡ്മിഷൻ സപ്ലിമെന്ററി) ബി.ടെക് അനാലറ്റിക്കൽ ഇൻസ്ട്രമെന്റ്സ് പരീക്ഷ നവംബർ 25നും, ഇന്റലിജന്റ് കൺട്രോൾ സിസ്റ്റം/സ്പെഷ്യാലിറ്റി പോളിമേഴ്സ് പരീക്ഷകൾ ഡിസംബർ 19നും നടത്തും.

എം.ബി.എ (പഴയ സ്കീം – 2010, 2011 അഡ്മിഷൻ – മേഴ്സി ചാൻസ്) മൂന്നാം സെമസ്റ്ററിലെ പേപ്പർ – ഇൻഡസ്ട്രിയൽ മാർക്കറ്റിംഗ് സ്ട്രാറ്റജി/പെർഫോർമൻസ് മാനേജ്മെന്റ് ആന്റ് റിവാർഡ് സിസ്റ്റം പരീക്ഷ ഡിസംബർ 5നും, നാലാം സെമസ്റ്ററിലെ പേപ്പർ – കോർപറേറ്റ് റിസ്ട്രക്ചറിംഗ്, സ്ക്രൂട്ടിനി ആന്റ് കൺട്രോൾ ഇൻഫർമേഷൻ സിസ്റ്റം പരീക്ഷകൾ ഡിസംബർ 7നും, റൂറൽ മാർക്കറ്റിംഗ് പേപ്പർ പരീക്ഷ ഡിസംബർ 9നും നടത്തും.

അഫിലിയേറ്റഡ് കോളജുകളിലെ അഞ്ചാം സെമസ്റ്റർ എം.സി.എ (പഴയ സ്കീം – 2000 മുതൽ 2006 വരെ അഡ്മിഷൻ – മേഴ്സി ചാൻസ്) പേപ്പർ ഡിസൈൻ ആന്റ് അനാലിസിസ് ഓഫ് കംപ്യൂട്ടർ അൽഗോരിതംസ് പരീക്ഷ ഡിസംബർ 9ന് രാവിലെ 9.30 മുതൽ 12.30 വരെ നടത്തും.

## മൂല്യനിർണ്ണയ ക്യാമ്പ്

സി.ബി.സി.എസ്.എസ് അഞ്ച്, മൂന്ന് സെമസ്റ്റർ ക്യാമ്പുകളിൽ ഇതുവരെ ഹാജരാകാത്ത അദ്ധ്യാപകരുടെയും ജീവനക്കാരുടെയും വിശദാംശങ്ങൾ ക്യാമ്പ് ഓഫീസർ സർവ്വകലാശാലയിൽ അറിയിക്കണം.

## പി.ജി. ഉത്തരക്കടലാസുകൾ എത്തിക്കണം

എം.ജി സർവ്വകലാശാല ഒന്ന്, മൂന്ന്, നാല് സെമസ്റ്റർ പി.ജി പരീക്ഷകളുടെ മൂല്യനിർണ്ണയത്തിന് നിയോഗിക്കപ്പെട്ടിട്ടുള്ള അദ്ധ്യാപകർ (അഡീഷണൽ, ചീഫ്) നവംബർ 24നകം മൂല്യനിർണ്ണയ ക്യാമ്പിലോ സർവ്വകലാശാലയിലോ ഉത്തരക്കടലാസുകൾ എത്തിക്കണം.

## അപേക്ഷാ തീയതി

ഒന്ന് മുതൽ മൂന്ന് വരെ വർഷ ബി.എസ്.സി മെഡിക്കൽ മൈക്രോബയോളജി (പഴയ സ്കീം – 2008ന് മുൻപുള്ള അഡ്മിഷൻ മേഴ്സി ചാൻസ് പരീക്ഷകൾക്ക് പിഴകൂടാതെ നവംബർ 28 വരെയും 50 രൂപ പിഴയോടെ 29 വരെയും 500 രൂപ സൂപ്പർഫൈനോടെ ഡിസംബർ 1 വരെയും ഫീസടയ്ക്കാം. അപേക്ഷകർ 5000 രൂപ

സ്പെഷ്യൽ ഫീസായി നിശ്ചിത പരീക്ഷാ ഫീസിനും സി.വി ക്യാമ്പ് ഫീസിനും പുറമെ അടയ്ക്കണം. പരീക്ഷാ തീയതി പിന്നീട്.

## ഫീസ് അടയ്ക്കുന്നതിനുള്ള തീയതി നീട്ടി

പിഴകൂടാതെ നവംബർ 9നും, 50 രൂപ പിഴയോടെ 10നും അടയ്ക്കേണ്ട പരീക്ഷാ ഫീസുകൾ യഥാക്രമം നവംബർ 15, 16 തീയതികൾ വരെയും, സൂപ്പർഫൈനോടെ 9 മുതൽ 15 വരെ ഫീസടയ്ക്കേണ്ട പരീക്ഷകൾക്ക് നവംബർ 18 വരെയും ഫീസടയ്ക്കുന്നതിനുള്ള തീയതി നീട്ടി നിശ്ചയിച്ചു.

## പഞ്ചവൽസര എം.എസ്: പ്രവേശനപ്പരീക്ഷ

എം.ജി സർവ്വകലാശാല ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റൻസീവ് റിസർച്ച് ഇൻ ബേസിക് സയൻസിൽ (ഐ.ഐ.ആർ.ബി.എസ്) ഫെലോഷിപ്പോടുകൂടി പഞ്ചവൽസര ഇന്റഗ്രേറ്റഡ് മാസ്റ്റർ ഓഫ് സയൻസ് പ്രോഗ്രാമിലേക്കുള്ള പ്രവേശനപ്പരീക്ഷയ്ക്ക് അപേക്ഷ നൽകിയ വിദ്യാർത്ഥികൾ നവംബർ 19ന് രാവിലെ 9 മണിക്ക് മുൻപായി കോട്ടയം അതിരമ്പുഴ സർവ്വകലാശാല കാമ്പസിലെ ഐ.ഐ.ആർ.ബി.എസ്-ൽ ഫോട്ടോ പതിച്ച ഹാൾടിക്കറ്റുമായി ഹാജരാകണം. ഏതെങ്കിലും കാരണവശാൽ ഹാൾ ടിക്കറ്റ് ലഭിക്കാത്തവർ ഫീസടച്ച രേഖയും ഫോട്ടോയും തിരിച്ചറിയൽ രേഖയുമായി രാവിലെ 8.30ന് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0481-2732992. വെബ് സൈറ്റ്: www.iirbsmgu.com

## പ്രാക്ടിക്കൽ പരീക്ഷ

മൂന്നാം സെമസ്റ്റർ ബി.എഡ് സ്പെഷ്യൽ എജ്യൂക്കേഷൻ - ഇന്റലക്ചൽ ഡിസെബിലിറ്റീസ് (ക്രെഡിറ്റ് ആന്റ് സെമസ്റ്റർ) ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ നവംബർ 21 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടത്തും.

## പരീക്ഷാ ഫലം

2015 നവംബർ മാസം നടത്തിയ ഒന്നാം സെമസ്റ്റർ മോഡൽ ഒന്നും രണ്ടും മൂന്നും ബി.കോം/ബി.ബി.എ/ബി.സി.എ/ബി.എസ്.ഡബ്ല്യൂ/ബി.ബി.എം/ബി.എഫ്.റ്റി/ബി.റ്റി.എസ്, ഒന്നാം സെമസ്റ്റർ മോഡൽ ഒന്നും രണ്ടും മൂന്നും ബി.എ (റഗുലർ/റീ അപ്പിയറൻസ്/സപ്ലിമെന്ററി - 2013ന് മുൻപുള്ള അഡ്മിഷൻ, ഒന്നാം സെമസ്റ്റർ മോഡൽ ഒന്നും രണ്ടും മൂന്നും ബി.എസ്.സി (2009 മുതൽ 2014 വരെയുള്ള അഡ്മിഷൻ - റീഅപ്പിയറൻസ്, 2015 അഡ്മിഷൻ റഗുലർ) സി.ബി.സി.എസ്.എസ് ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഉള്ള അപേക്ഷകൾ ഡിസംബർ 1 വരെ സ്വീകരിക്കും.

2016 ജൂലൈ മാസം നടത്തിയ അവസാന ബി.ഡി.എസ് പാർട്ട് ഒന്ന് (2008 മുതലുള്ള അഡ്മിഷൻ/2008ന് മുൻപുള്ള അഡ്മിഷൻ - സപ്ലിമെന്ററി) ഡിഗ്രി പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കുള്ള അപേക്ഷകൾ നവംബർ 28 വരെ സ്വീകരിക്കും.

2015 സെപ്തംബർ മാസം നടത്തിയ എം.എ ഇക്കണോമിക്സ് (ഒന്നും രണ്ടും സെമസ്റ്റർ പ്രൈവറ്റ് സ്റ്റഡി/ പ്രൈവറ്റ് സപ്ലിമെന്ററി, രണ്ടാം സെമസ്റ്റർ 2012ന് മുൻപുള്ള അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഉള്ള അപേക്ഷകൾ നവംബർ 28 വരെ സ്വീകരിക്കും.

2015 ഡിസംബർ മാസം നടത്തിയ മൂന്നാം സെമസ്റ്റർ എം.എ ഹിന്ദി (സി.എസ്.എസ് - റഗുലർ/സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഉള്ള അപേക്ഷകൾ നവംബർ 28 വരെ സ്വീകരിക്കും.

## എം.ജിയിൽ മെറ്റീരിയൽ സയൻസ് സെമിനാറിന് നാളെ (നവംബർ 18) തുടക്കം

മഹാത്മാ ഗാന്ധി സർവ്വകലാശാല അഡ്വാൻസ്ഡ് മോളിക്കുലാർ മെറ്റീരിയൽസ് റിസർച്ച് സെന്ററിന്റെ ആഭിമുഖ്യത്തിൽ നവംബർ 18, 19 തീയതികളിൽ റീസന്റ് അഡ്വാൻസസ് ഇൻ മെറ്റീരിയൽ സയൻസ് എന്ന വിഷയത്തിൽ സെമിനാർ നടത്തും. പ്രൊ വൈസ് ചാൻസലർ ഡോ. ഷീന ഷുക്കൂർ ഉദ്ഘാടനം നിർവ്വഹിക്കും.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**